# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 317.** **28-06-2011-ലെ മറുപടിക്ക്**

### പഞ്ചായത്തു റോഡുകൾ പി.ഡബ്ള്യൂ.ഡി. വഴി പുനർ നിർമ്മിക്കുന്ന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജി.സുധാകരൻ | | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) | പഞ്ചായത്തു റോഡുകൾ പി.ഡബ്ള്യൂ.ഡി. വഴി പുനർ നിർമ്മിക്കുന്ന പദ്ധതി, അതിന്റെ ബഹുജന പിന്തുണയും പ്രയോജന ക്ഷമതയും കണക്കിലെടുത്ത് തുടരാൻ നടപടി സ്വീകരിക്കുമോ; | (എ) | ഇക്കാര്യം ആലോചിക്കാവുന്നതാണ്. |
| (ബി) | ഈ പദ്ധതി പ്രകാരം പി.ഡബ്ള്യൂ.ഡി. വഴി നാളിതുവരെ ഏറ്റെടുത്ത റോഡുകൾ എത്ര; അവയുടെ ദൈർഘ്യം എത്ര; അവയുടെ എസ്റ്റിമേറ്റ് എത്രയാണ്; | (ബി) | 2010 ഏപ്രിൽ 5 ലെ അസാധാരണ ഗസറ്റ് വിജ്ഞാപന നമ്പർ 830 അനുസരിച്ച് 1754 റോഡുകൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇവയ്ക്ക് മൊത്തം 7365 കി.മീ. ദൈർഘ്യമുണ്ട്. ഈ റോഡുകൾ പുനരുദ്ധരിക്കുന്നതിന് മാത്രമായി ഒരു പദ്ധതിയും പ്രത്യേകമായി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ എസ്റ്റിമേറ്റ് തുക കണക്കാക്കിയിട്ടില്ല. |

| | |
|---|---|
| (സി) ഏറ്റെടുത്തവയിൽ എത്ര റോഡുകൾ പൂർത്തിയായി; പൂർത്തിയായ റോഡുകളുടെ ദൈർഘ്യം എത്ര; പൂർത്തിയാക്കിയതിന്റെ ചെലവ് എത്രയാണ്; വിശദീകരിക്കാമോ; | (സി) ഏറ്റെടുത്ത റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തികൾ നടന്നുവരികയാണ്. ഈ പ്രവർത്തികൾ പൂർത്തിയായാൽ മാത്രമേ ദൈർഘ്യവും ചെലവും കണക്കാക്കാൻ കഴിയുകയുള്ളൂ. |
| (ഡി) പുനരുദ്ധരിക്കാൻ തീരുമാനിച്ച റോഡുകളിൽ അവശേഷിച്ചവയുടെ നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ഡി) ഏറ്റെടുത്ത റോഡുകളുടെ പുനരുദ്ധാരണം എത്രയും വേഗം പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.